# സി.ജെ. തോമസിന്റെ കൃതികളിലെ വ്യക്തിസങ്കല്പം

## തെരഞ്ഞെടുത്ത കൃതികളെ ആധാരമാക്കിയുള്ള പഠനം

**അക്ഷയ ടി.എസ്.**
ഗവേഷകവിദ്യാർത്ഥി, യു.സി.കോളേജ്. ആലുവ

സാഹിത്യവും കലയും സംസ്കാരവും ചരിത്രവും ജീവിതവും ഉൾപ്പെടെ മനുഷ്യരുമായി വ്യവഹരിക്കപ്പെടുന്ന സർവ്വമണ്ഡലങ്ങളിലും നിരൂപണത്തിന് പ്രബലമായ പ്രാധാന്യമുണ്ട്. ഏതൊരു വസ്തുതയെയും ശ്രദ്ധാപൂർവ്വം ഗ്രഹിക്കാനും സൂക്ഷ്മമായി അപഗ്രഥിക്കാനും വസ്തുനിഷ്ഠമായി നിഗമനത്തിലെത്തിച്ചേരാനും നിരൂപണം അനിവാര്യമാണ്. സാഹിത്യനിരൂപണമാകട്ടെ, ജീവിതത്തിന്റെ വ്യവസ്ഥാനുസരണമായ ഘടനയുടെ പുനർവായനയും പാഠരൂപീകരണവുമായി മാറുന്നു. അത്തരത്തിൽ സാഹിത്യനിരൂപണം ജീവിതനിരൂപണം തന്നെയാണെന്ന് തെളിയിച്ച എഴുത്തുകാരനാണ് സി.ജെ. തോമസ്.

വ്യവസ്ഥാപിതമായ ഘടനയെയും അർത്ഥത്തെയും പുനർവായിക്കുന്ന സ്വതന്ത്രമായ അസ്തിത്വമാണ് സി.ജെ. തോമസിനെ വ്യത്യസ്തനാക്കുന്നത്. സ്ഥാപനവത്കൃത താല്പര്യങ്ങൾക്കു വഴങ്ങികൊടുക്കാത്ത, യുക്തിബോധത്തെയും ആദർശത്തെയും ഉയർത്തിപിടിക്കുന്ന സി.ജെ. യുടെ ചിന്തകളും അഭിപ്രായങ്ങളും അദ്ദേഹത്തിന്റെ നിരൂപണങ്ങളിൽ നിന്ന് വായിച്ചെടുക്കാം. നിലവിലുള്ള മാതൃകകളെ സംശയിക്കുകയും അന്വേഷിക്കുകയും ചോദ്യംചെയ്യുകയും ചെയ്യുന്ന സി.ജെ. തോമസിന്റെ നിരൂപണങ്ങൾ ലളിതമായ ഭാഷാശൈലിയും വ്യക്തതയുള്ള ആശയപ്രതിപാദനരീതിയും സൂക്ഷ്മതയാർന്ന നിരീക്ഷണബോധവും തീക്ഷ്ണമായ യുക്തിചിന്തയും പ്രകടിപ്പിക്കുന്നു. തന്റെ ആശയങ്ങളിലൂടെ സവിശേഷമായൊരു വ്യക്തിത്വനിർമ്മിതി സി.ജെ. മുന്നോട്ടുവെയ്ക്കുന്നുണ്ട്. സ്വതന്ത്രചിന്താഗതിക്കനുസരിച്ച് പ്രവർത്തിക്കുകയും നിലനില്ക്കുന്ന ഘടനകൾക്കെതിരെ കലഹിക്കുകയും ചെയ്യുന്ന സ്വത്വബോധത്തിനുടമയായ

മനുഷ്യനെയാണ് പലപ്പോഴും സി.ജെ. തോമസ് അവതരിപ്പിക്കുന്നത്. വിലയിരുത്തൽ (1951) ഇവൻ എന്റെ പ്രിയപുത്രൻ (1953), ധിക്കാരിയുടെ കാതൽ (1955) എന്നീ കൃതികൾ പഠനവിധേയമാക്കി സി.ജെ. അവതരിപ്പിക്കുന്ന വ്യക്തി എങ്ങനെയുള്ളതാണെന്ന് കണ്ടെത്താനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്. അതിനുവേണ്ടി ഈ ഗ്രന്ഥങ്ങളിലൂടെ സി.ജെ. അവതരിപ്പിക്കുന്ന ചിന്തകളും ആശയങ്ങളും കാഴ്ചപ്പാടുകളും വിലയിരുത്തുകയും അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള ഘടനയനുസരിച്ച് മനുഷ്യർ എന്നതിന്റെ അർത്ഥപരിസരങ്ങൾ ദാർശനികമായ നിർമ്മിതിയും അപനിർമ്മിതിയും പുനർനിർമ്മിതിയുമാണ്. അതുകൊണ്ടുതന്നെ നിലവിലിരിക്കുന്ന ഘടനയെ തിരുത്തുന്ന, എന്തിനെയും യുക്തിപരമായി വ്യാഖ്യാനിക്കുന്നതരത്തിൽ സി.ജെ. അവതരിപ്പിക്കുന്ന വ്യക്തി എങ്ങനെയുള്ളതാണ് എന്ന അന്വേഷണവും പ്രസക്തമാകുന്നു.

### സി.ജെ. അവതരിപ്പിക്കുന്ന വ്യക്തിസങ്കല്പം–അപഗ്രഥനം, നിർദ്ധാരണം

എഴുത്തിന്റെ വ്യത്യസ്തതകൊണ്ട് സാഹിത്യരംഗത്ത് നിലയുറപ്പിച്ച ആളാണ് സി.ജെ. തോമസ്. ജീവിതത്തിലും രചനയിലും അസാധാരണമായ മൗലികത്വം പുലർത്തിയ എഴുത്തുകാരാനായിരുന്നു സി.ജെ. സ്വതന്ത്രചിന്താശീലത്തിന്റെയും നിരന്തരമായ നിരീക്ഷണങ്ങളുടെയും ഫലമായി മനുഷ്യനെയും സമൂഹത്തെയും സംസ്കാരത്തെയും സംബന്ധിച്ച് പുരോഗമനാത്മകവും വിപ്ലവകരവുമായ ആശയങ്ങളവതരിപ്പിക്കാൻ സി.ജെ.യ്ക്ക് കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകളെയും സങ്കല്പങ്ങളെയും അപനിർമ്മിച്ച് പുതിയ പാഠം രൂപീകരിക്കുവാൻ അദ്ദേഹത്തിന്റെ ചിന്തകൾക്ക് സാധിക്കുന്നുണ്ട്. എഴുത്തുകാരനായ സി.ജെ തോമസിനെ വ്യത്യസ്തനാക്കുന്നതും അതുതന്നെയാണ്.

ജീവിതത്തെയും സാഹിത്യത്തെയും ബന്ധിപ്പിച്ചുകൊണ്ടാണ് സി.ജെ.യുടെ നിരൂപണലോകം വികസിക്കുന്നത്. സാഹിത്യം, കല, സമൂഹം, സംസ്കാരം, സമുദായം, രാഷ്ട്രീയം എന്നിവയെക്കുറിച്ചെല്ലാം വ്യക്തിത്വമുള്ള അഭിപ്രായങ്ങൾ അവതരിപ്പിക്കുന്ന സി.ജെ.യുടെ നിരൂപണങ്ങൾ ജീവിതനിരൂപണം തന്നെയാണ്. വിലയിരുത്തൽ, ഇവൻ എന്റെ പ്രിയപുത്രൻ, ധിക്കാരിയുടെ കാതൽ എന്നീ ഗ്രന്ഥങ്ങളിലെല്ലാം മനുഷ്യനെ മുൻനിർത്തിക്കൊണ്ടുള്ള ചിന്തകളാണ് സി.ജെ. അവതരിപ്പിക്കുന്നതെന്നു കാണാം. ഒന്നിനോടും സന്ധിചെയ്യാതെ തനിക്ക് ശരിയെന്ന് തോന്നുന്ന ആശയങ്ങൾ സമഗ്രതയോടെ

ആവിഷ്കരിക്കാനാണ് സി.ജെ. ശ്രമിക്കുന്നത്. ചില സാഹിത്യകാരന്മാരെ അദ്ദേഹം പ്രശംസിക്കുന്നുണ്ട്. അതിനുപിന്നിൽ, അവരിലെല്ലാം സി.ജെ. ഉയർത്തിപ്പിടിക്കുന്ന എന്തെങ്കിലും മൂല്യങ്ങളുള്ളതുകൊണ്ടാണെന്ന് സൂക്ഷ്മമായി പഠിച്ചാൽ മനസിലാക്കാവുന്നതാണ്. മതത്തിന്റെയും രാഷ്ട്രീയപാർട്ടികളുടെയും തെറ്റായ നയങ്ങളെ സി.ജെ. ചോദ്യംചെയ്യുന്നു. മനുഷ്യരെക്കുറിച്ചും സ്വതന്ത്രചിന്തയെക്കുറിച്ചും പുരോഗതിയെക്കുറിച്ചും പ്രേമത്തെക്കുറിച്ചുമെല്ലാം തനതായ അഭിപ്രായങ്ങൾ അദ്ദേഹം പ്രകടിപ്പിക്കുന്നു. ഇന്നുവരെ ശരിയെന്ന് ധരിച്ചിരുന്ന പല ധാരണകളെയും സി.ജെ. അട്ടിമറിക്കുന്നു. വിലയിരുത്തലിലെ സാഹിത്യസങ്കല്പങ്ങളും ഇവൻ എന്റെ പ്രിയപുത്രൻ, ധിക്കാരിയുടെ കാതൽ എന്നിവയിലെ ചിന്തകളും വസ്തുതകളെ പുതിയരീതിയിൽ കാണുവാനും വിലയിരുത്തുവാനും വായനക്കാർക്ക് പ്രേരണയായിത്തീരുന്നു.

### വിലയിരുത്തൽ

സി.ജെ.യുടെ സാഹിത്യനിരൂപണസമാഹാരമാണ് “വിലയിരുത്തൽ”. ഈ ഗ്രന്ഥത്തിൽ സി.ജെ. സൗമ്യമായാണ് ആശയങ്ങൾ അവതരിപ്പിക്കുന്നത്. പൊതുവേ മണ്ഡനപരമായ നിരൂപണങ്ങളാണിതിലുള്ളത്. തന്റെ സവിശേഷമായ സാഹിത്യസങ്കല്പങ്ങൾ പ്രകാശിപ്പിക്കുവാനുള്ള ഒരു മാധ്യമമായാണ് ഈ കൃതികളെ സി.ജെ. സമീപിക്കുന്നത്. ഓരോ എഴുത്തുകാരനേയുംയും കൃതിയേയും വിലയിരുത്തുമ്പോൾ സ്വന്തം ആശയങ്ങൾ തന്നെയാണ് അദ്ദേഹം സമർത്ഥിക്കുന്നത്. പോഞ്ഞിക്കര റാഫി, വെട്ടൂർ രാമൻ നായർ, ഉറൂബ്, പുളിമാന പരമേശ്വരൻപിള്ള, കാരൂർ, തകഴി, എസ്.കെ. പൊറ്റക്കാട്, ബഷീർ തുടങ്ങിയവരുടെ കൃതികളെക്കുറിച്ച് പഠിക്കുമ്പോൾ അടിസ്ഥാനമായി വർത്തിക്കുന്നത് മനുഷ്യരെപ്പറ്റിയുള്ള ചിന്തകളാണ്. നവോത്ഥാനമൂല്യങ്ങളാൽ നിർമ്മിക്കപ്പെട്ട മാനവികതയ്ക്ക് ഊന്നൽ നല്കുന്ന വ്യക്തികളെയാണ് സി.ജെ. പഠിക്കുന്നത്. ഇതിലെ ഓരോ പഠനവും ജീവിതത്തോടുള്ള ബന്ധത്തിന് ഊന്നൽ നല്കിയാണ് നിർവ്വഹിച്ചിരിക്കുന്നത്.

### ഇവൻ എന്റെ പ്രിയപുത്രൻ

“ഇവൻ എന്റെ പ്രിയപുത്രൻ” സി.ജെ.യുടെ സ്വതന്ത്രചിന്തയുടെ ഏറ്റവും ഉയർന്നതലത്തെ അടയാളപ്പെടുത്തുന്നു. സി.ജെയുടെ വ്യക്തിപ്രാധാന്യവാദം പൂർണ്ണതകൈവരിക്കുന്നതും ഈ ഗ്രന്ഥത്തിലാണ്. സി.ജെയ്ക്ക് ഏറ്റവും പ്രിയപ്പെട്ട വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഓരോ പഠനവും ജീവിതവുമായി ബന്ധിപ്പിച്ചുകൊണ്ട് തന്റെ ചിന്തകളെ സ്ഥാപിച്ചെടുക്കാൻ സി.ജെയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ധിക്കാരിയുടെ കാതൽ

യാഥാസ്ഥിതികത്വത്തെ വെല്ലുവിളിക്കുകയും പുരോഗതി ആഗ്രഹിക്കുകയും ചെയ്യുന്ന ധിക്കാരിയായ എഴുത്തുകാരന്റെ ചിന്തകളാണ് "ധിക്കാരിയുടെ കാതൽ" എന്ന ഗ്രന്ഥത്തിലുള്ളത്. ജീവിതവിമർശനപരമായ ആശയങ്ങൾക്കാണ് ഈ ഗ്രന്ഥത്തിൽ കൂടുതൽ പ്രാധാന്യം നല്കിയിരിക്കുന്നത്. മതത്തിന്റെയും രാഷ്ട്രീയകക്ഷികളുടെയും സ്ഥാപനവത്കൃത താല്പര്യങ്ങളെ സി.ജെ. രൂക്ഷമായി വിമർശിക്കുന്നുണ്ട്. രാഷ്ട്രീയവ്യവസ്ഥിതിയും സാമൂഹ്യസ്ഥാപനങ്ങളും മനുഷ്യർക്കുനേരെ നടത്തുന്ന എല്ലാ സ്വാതന്ത്ര്യധ്വംസനങ്ങളെയും തുറന്നുകാണിക്കുകയും അതിനെതിരെ കലഹിക്കുകയുമാണ് ഈ ഗ്രന്ഥത്തിലൂടെ സി.ജെ. ചെയ്യുന്നത്.

മനുഷ്യരിൽ ആധിപത്യം ചെലുത്തുന്ന എല്ലാ അധികാരകേന്ദ്രങ്ങൾക്കും വ്യവസ്ഥിതിക്കുമെതിരായ പ്രതിഷേധസ്വരം സി.ജെ.യുടെ നിരൂപണങ്ങളിലുടനീളം കാണാം. മനുഷ്യരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന മതം, രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യസ്ഥാപനങ്ങൾ, സദാചാരപാഠങ്ങൾ, സ്ഥാപനവത്കൃതമായിത്തീരുന്ന ആശയങ്ങൾ എന്നിവയെയെല്ലാം സി.ജെ. അതിരൂക്ഷമായി വിമർശിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിൽ ജീവിച്ച് മതത്തെ തള്ളിപ്പറഞ്ഞ, കമ്മ്യൂണിസ്റ്റാദർശത്തിൽ വിശ്വസിച്ച് കമ്മ്യൂണിസത്തെ തള്ളിപ്പറഞ്ഞ വ്യക്തിവാദിയായ സി.ജെയുടെ നിരീക്ഷണങ്ങൾ നിരൂപണങ്ങളിൽ കാണാം. വേദഗ്രന്ഥമെന്നതിലുപരി ഒരു സാഹിത്യഗ്രന്ഥമായി ബൈബിളിനെ എപ്പോഴും പരിഗണിക്കുന്ന സി.ജെ.യുടെ ചിന്തകൾ അദ്ദേഹത്തിന്റെ എഴുത്തിൽ പ്രകടമാണ്.

സമൂഹത്തിലെ ഇടത്തരക്കാരുടെ പ്രശ്നങ്ങൾ, സംഘടിതമതങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, ജനാധിപത്യം, സോഷ്യലിസം, ഫാസിസം, വ്യക്തിസ്വാതന്ത്ര്യം, കലാകാരന്റെ സ്വാതന്ത്ര്യം പുരോഗതി, സ്വതന്ത്രചിന്ത, ബൈബിൾ, പ്രേമം, സദാചാരം, ബഹുജനാഭിപ്രായം, മനുഷ്യർ തെറി പറയുന്നത് സപത്നിയുടെയും വേശ്യയുടെയും കന്യാസ്ത്രീയുടെയും ഉത്ഭവം, യുദ്ധത്തിന്റെ കാട്ടാളത്തം തുടങ്ങി ഓരോ വിഷയത്തെയും ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് സി.ജെ. അവതരിപ്പിക്കുന്നത്.

നിരന്തരമായ നിരീക്ഷണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും താൻ തിരിച്ചറിഞ്ഞ യാഥാർത്ഥ്യങ്ങളെയും ശരിയെന്നു തോന്നുന്ന ധാരണകളെയും തുറന്നുപറയുവാനുള്ള മാധ്യമമായാണ് സി.ജെ എഴുത്തിനെ സമീപിക്കുന്നത്. അതെല്ലാം അംഗീകരിക്കപ്പെടണമെന്ന യാതൊരു

നിർബന്ധവും അദ്ദേഹത്തിനില്ല. തന്റെ ചിന്തകളുടെയും പ്രവൃത്തികളുടെയും ഉത്തരവാദിത്വം തനിക്ക് മാത്രമാണുള്ളത് എന്ന വിശ്വാസത്തിലാണ് സി.ജെ. ജീവിച്ചത്. തനിക്ക് അസ്തിത്വമുള്ളതുകൊണ്ടാണ് താൻ കലഹിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നതെന്ന് എഴുത്തിലൂടെ സി.ജെ. തെളിയിച്ചു. ഒരു നിരൂപകനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടകാര്യം തന്റെ രചനകളിലൂടെ അയാൾ വെളിവാക്കുന്ന സവിശേഷമായ വ്യക്തിത്വമാണ്. ആ വ്യക്തിത്വത്തെ അപഗ്രഥിക്കുന്നതിലൂടെ അയാൾ വെളിവാക്കുന്ന വ്യക്തിത്വനിർമ്മിതി എപ്രകാരമുള്ളതാണെന്ന് കണ്ടെത്താനാകും. വ്യക്തിത്വം ഒരു നിർമ്മിതിയാണ്. സാമൂഹ്യ ഇടപെടലുകളിലൂടെയും അറിവിന്റെ വികാസത്തിലൂടെയുമാണ് വ്യക്തിത്വം രൂപപ്പെടുന്നത്. സാമൂഹികവും മതപരവും സാംസ്കാരികവുമായ ഘടകങ്ങൾ വ്യക്തിത്വത്തിന്റെ രൂപപ്പെടലിനെ സ്വാധീനിക്കുന്നുണ്ട്. സി.ജെ.യെ സംബന്ധിച്ചിടത്തോളം വ്യക്തിയെന്നത് സ്വതന്ത്രമായ മനുഷ്യാവസ്ഥയുടെ പ്രതീകമാണ്.

### 1. മനുഷ്യനന്മയിൽ വിശ്വസിക്കുന്ന വ്യക്തി

മനുഷ്യനും മനുഷ്യസ്നേഹിയും മനുഷ്യത്വവാദിയുമായ സി.ജെ. തോമസ് തന്റെ നിരൂപണങ്ങളിലൂടെ മനുഷ്യരെക്കുറിച്ചും മനുഷ്യരുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും സമുന്നതമായ ചിന്തകൾ അവതരിപ്പിക്കുന്നുണ്ട്.

സ്നേഹവും വെറുപ്പും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്നും വെറുക്കാൻ കഴിയാത്തവന് സ്നേഹിക്കാൻ കഴിയുകയില്ലെന്നും സി.ജെ. പറയുന്നു. മനുഷ്യരെ നിയന്ത്രണത്തിലാഴ്ത്തുന്ന എല്ലാ വ്യവസ്ഥാപിത താല്പര്യങ്ങളെയും സി.ജെ. വെറുത്തത് അവരോടുള്ള സ്നേഹം കൊണ്ടാണ്. മനുഷ്യനെതിരായി നില്ക്കുന്ന എല്ലാ വ്യവസ്ഥകളോടും, മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് വിലങ്ങുതടിയാവുന്ന എല്ലാ ആശയങ്ങളോടും, പ്രതിഷേധിക്കുന്ന ഒരുവന് മാത്രമെ മനുഷ്യനോട് യഥാർത്ഥസ്നേഹമുണ്ടായിരിക്കുകയുള്ളു എന്ന് അദ്ദേഹം പറയുന്നു: "മനുഷ്യനോട് സ്നേഹമുണ്ടെന്നു ഭാവിക്കുന്നവന്റെ ആത്മാർത്ഥതയെ അളക്കുന്നത് അവൻ മനുഷ്യന്റെ രക്തം കുടിച്ചുതീർക്കുന്ന കണ്ണുട്ടകളെ വെറുക്കുന്നുണ്ടോ എന്നു നോക്കിയിട്ടാണ്" (സി.ജെ. തോമസ്, 1951:40) ഏതുകാലത്തും പ്രസക്തമായ ആശയമാണിത്. യഥാർത്ഥമനുഷ്യസ്നേഹി മനുഷ്യനെ ചൂഷണംചെയ്യുന്ന സകലവിധ വ്യവസ്ഥകളോടും കലഹിച്ചുകൊണ്ടിരിക്കും.

മനുഷ്യർ യുക്തിബോധത്തോടെ പ്രവർത്തിക്കണമെന്നാണ് സി.ജെയുടെ ആഗ്രഹം. അല്ലാത്തപക്ഷം മനുഷ്യർ

അടിച്ചമർത്തപ്പെട്ടുമെന്ന് ഓർമ്മിപ്പിക്കുന്നു. "കാണുന്നത് വിശ്വസിച്ചുകൂടാ എന്നും കാണാത്തത് മാത്രമെ വിശ്വസിക്കാവൂ എന്നും വിശ്വസിക്കുന്ന ഒരു തലതിരിഞ്ഞ നിലയിലെത്തിയ മനുഷ്യനെ പിന്നെ എന്തും ചെയ്യിക്കാൻ കഴിയുന്നതാണ്"(സി.ജെ. തോമസ്, 1951 : 116). ഇതിലൂടെ നിലവിലുള്ള ദൈവവിശ്വാസത്തെയും ആചാരബദ്ധമായ മതജീവിതത്തെയും ആണ് സി.ജെ. വിമർശന വിധേയമാക്കുന്നത്. അന്ധവിശ്വാസത്തിലും ആശ്രിതത്വത്തിലും കുടുങ്ങി ജീവിക്കുന്ന മനുഷ്യർ എന്നെന്നും ഉൾക്കൊള്ളേണ്ട ഒരു പാഠമാണിത്.

ജാതിയുടെയും മതത്തിന്റെയും പേരിൽ വേർതിരിവുകളില്ലാതെ എല്ലാ മനുഷ്യരും സൗഹാർദ്ദത്തോടെ ജീവിക്കണമെന്ന് സി.ജെ. വാദിക്കുന്നുണ്ട്. മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. "ചെടികൾക്കും മൃഗങ്ങൾക്കും വർണ്ണസങ്കരം പ്രായോഗികമാണെങ്കിൽ മനുഷ്യനും അത് ഉത്തമമാണ്."(സി.ജെ. തോമസ്, 1955:8). താൻ ജീവിക്കുന്ന സാമൂഹിക ചുറ്റുപാടുകളിൽ നിന്നു കൊണ്ടാണ് ഇത്തരമൊരു അഭിപ്രായപ്രകടനം സി.ജെ നടത്തുന്നത്. വർണ്ണസങ്കരത്തിലൂടെ എല്ലാ വ്യവസ്ഥയുടെയും അംശങ്ങൾ കൂടിച്ചേർന്ന പുതിയ മനുഷ്യസൃഷ്ടി ഉണ്ടാകണമെന്ന് സി.ജെ. ആഗ്രഹിച്ചു. ജാതി-മത വിവേചനങ്ങളില്ലാതെ മനുഷ്യരെല്ലാം ഒന്നുപോലെ ജീവിക്കണമെന്ന മതേതരത്വ കാഴ്ചപ്പാട് വളരെയധികം പ്രാധാന്യമർഹിക്കുന്നു.

മനുഷ്യവർഗ്ഗത്തിലവശേഷിക്കുന്ന കാട്ടാളത്തത്തിന്റെ ഫലമായിട്ടാണ് ചത്തും കൊന്നും പിടിച്ചടക്കാനുള്ള ശ്രമങ്ങൾ നടക്കുന്നത്. "മനുഷ്യനെ കൊല്ലുന്ന ഏർപ്പാട് ഏതെല്ലാം വിശദീകരണങ്ങൾകൊണ്ടു മൂടിപ്പൊതിഞ്ഞാലും മനുഷ്യോചിതമല്ല" എന്ന സി.ജെ.യുടെ അഭിപ്രായം വർഗ്ഗീയതയുടെ പേരിൽ കൊല്ലും കൊലയും നടത്തുന്ന ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്.

മനുഷ്യർ നന്മയുള്ളവരാകണം.അക്രമവാസനയുള്ളിടത്തോളം കാലം മനുഷ്യർ മനുഷ്യരല്ല എന്ന് സി.ജെ.തീർത്തു പറയുന്നു. "രാഷ്ട്രീയമായ കൊലപാതകങ്ങൾ നിക്ഷിദ്ധമായിത്തീരാത്തതുകൊണ്ടാണ് രക്തം കൊണ്ട് ചരിത്രമെഴുതുകയും മറ്റും തുടർന്നുപോരുന്നത്. ഈ രക്തത്തിന്റെ മനഃശാസ്ത്രത്തിൽനിന്ന് മലയാളി മുക്തിനേടുന്ന കാലത്ത്, നമുക്കുള്ള പരാക്രമം മുഴുവൻ കാട്ടിലെ കരിമ്പാറയുടെ നേരെ തിരിയുന്ന കാലത്ത്, മനുഷ്യൻ മനുഷ്യനായി തീരും" (സി.ജെ.തോമസ്, 1955:14) സി.ജെ.യുടെ ചിന്തകൾ അഹിംസയ്ക്ക് ഊന്നൽ നല്കുന്നുണ്ട്.

സത്യസന്ധരായ മനുഷ്യരെ സി.ജെ. എന്നും ബഹുമാനിച്ചിരുന്നു. മനുഷ്യർ മൗലികമായി നല്ലവരാണെന്നാണ് അദ്ദേഹത്തിന്റെ

അഭിപ്രായം "യാതൊരു പുതിയ വ്യവസ്ഥിതിയും സംവിധാനം ചെയ്യുന്നതു കടലാസ്സിലല്ല. മനുഷ്യാത്മാക്കളെക്കൊണ്ടാണതു കെട്ടിപ്പടുക്കുന്നത്. നിയമത്തിനും ആദർശത്തിനും ആത്യന്തികമായ ഉറപ്പ് ഒന്നുമാത്രമാണ് മനുഷ്യൻ.അനീതിയേയും സ്വാർത്ഥതയേയും നശിപ്പിക്കാൻ മനുഷ്യനു മാത്രമേ കഴിയൂ."(സി.ജെ. തോമസ് 1953:89). ഏതൊരു പരിവർത്തനത്തിനും നാന്ദികുറിക്കുന്നതും ഊർജ്ജസ്വലതയോടെ കൃത്യം നിർവ്വഹിക്കപ്പെടുന്നതും മനുഷ്യരിലൂടെയാണ്.

നിലവിലിരിക്കുന്ന ആധിപത്യങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ ആഞ്ഞടിക്കാൻ കഴിവും പ്രാപ്തിയുമുള്ളത് മനുഷ്യർക്കു മാത്രമാണ്. മനുഷ്യരുടെ ചിന്തയ്ക്കും പ്രവൃത്തിക്കും ശക്തിക്കുമെല്ലാം സി.ജെ. വളരെയധികം പ്രാധാന്യം നല്കുന്നുണ്ട്. ജാതി-മത വ്യത്യാസങ്ങളെ അപ്രസക്തമാക്കി മനുഷ്യർക്കും മനുഷ്യത്വത്തിനും ഊന്നൽ നല്കുന്ന നവോത്ഥാന ചിന്തകൾസി.ജെ.യുടെ മനുഷ്യദർശനത്തിൽ പ്രകടമാകുന്നുണ്ട്. മനുഷ്യനന്മയിലും മനുഷ്യസ്നേഹത്തിലും മനുഷ്യരുടെ വൈയക്തികവും സാമൂഹികവുമായ കർത്തവ്യങ്ങളിലും മനുഷ്യരുടെ കഴിവുകളിലും വിശ്വസിക്കുന്നമാനവികതാവാദത്തിന്റെ ശക്തമായ പ്രതിഫലനം സി.ജെ. യുടെ ആശയങ്ങളിൽ കാണാം. ഇപ്രകാരം മനുഷ്യനന്മയിൽ അടിയുറച്ചുവിശ്വസിക്കുന്ന ഒരു വ്യക്തിയെ സി.ജെ തോമസ് അവതരിപ്പിക്കുന്നുണ്ട്.

## 2. സ്വാതന്ത്ര്യദാഹിയായ വ്യക്തി

യാഥാസ്ഥിതികത്വത്തിൽനിന്നും സാമൂഹ്യനിയന്ത്രണങ്ങളിൽനിന്നും സ്വതന്ത്രനായ വ്യക്തിയെയാണ് സി.ജെ. ഉയർത്തിക്കാട്ടുന്നത്. പാരമ്പര്യഭാണ്ഡം തലയിൽ നിന്നിറക്കിവെച്ച് ചിന്തിച്ചാൽ മാത്രമെ മനുഷ്യർക്ക് മാനസികമായി പരിവർത്തനം സംഭവിക്കുകയുള്ളൂ എന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം. മനുഷ്യർ സ്വതന്ത്രചിന്തയോടെ പ്രവർത്തിക്കണമെന്ന് സി.ജെ. ശക്തമായി ആഹ്വാനം ചെയ്യുന്നു. "മാമൂലിന്റെ അടിമത്തത്തിൽ കിടന്ന് സാന്മാർഗ്ഗികബോധവും നീതിനിഷ്ഠയും നശിച്ച് ഒരു ജനത മൃഗപ്രായമായിത്തീരാതിരിക്കുവാൻ അത്യാവശ്യമായ ഒന്നാണ് സ്വതന്ത്ര ചിന്ത"(സി.ജെ.തോമസ് 1951:121) യാഥാസ്ഥിതികത്വത്തിൽനിന്നും പഴയകാലത്തെ അടിച്ചേല്പിക്കപ്പെടുന്നമാമൂലുകളിൽനിന്നും മോചനംനേടി സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ മനുഷ്യർക്ക് സ്വതന്ത്ര്യചിന്ത അനിവാര്യമാണ്. മനുഷ്യരെ തടവിലാക്കുന്ന എല്ലാ അടിച്ചമർത്തലുകളിൽനിന്നും മനുഷ്യർ മോചനം നേടണം. ഏതു പ്രതിബന്ധങ്ങളിൽനിന്നും സ്വാതന്ത്ര്യംനേടാനുള്ള

കരുത്ത് മനുഷ്യർക്കുണ്ടെന്ന് സി.ജെ. പറയുന്നു. "മനുഷ്യനാകട്ടെ എത്ര മാത്രം പരിതസ്ഥിതികളുടെ അടിമയായിരുന്നാലും കുറച്ചു സ്വതന്ത്രമായി പ്രവർത്തിക്കാം" (സി.ജെ.തോമസ്, 1955:27.) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അഭിവാഞ്ഛ മനുഷ്യരിൽ ജന്മസിദ്ധമാണ്.

മനുഷ്യന്റെ കേവലമായ സ്വാർത്ഥലാഭത്തിനുവേണ്ടിയുള്ള സ്വാതന്ത്ര്യത്തിനല്ല, മറിച്ച് മാമൂലുകളുടേയും വ്യവസ്ഥാപിതമായ ആശയങ്ങളുടേയും രൂപത്തിൽ മനുഷ്യവംശത്തെ ചൂഷണം ചെയ്യുകയും തടവിലാക്കുകയും ചെയ്യുന്ന എല്ലാ ആധിപത്യങ്ങളിൽനിന്നും മോചനം നേടുന്നതിനുവേണ്ടിയുള്ള സ്വാതന്ത്ര്യത്തിനായാണ് സി.ജെ. ശബ്ദമുയർത്തുന്നത്. സി.ജെ. യുടെ സ്വാതന്ത്ര്യബോധം പ്രസക്തമാകുന്നതും ഇക്കാരണത്താലാണ്. സ്വതന്ത്രമായി ചിന്തിക്കുകയും അതിന്റെ ബലത്തിൽ മനുഷ്യരിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന അധികാരകേന്ദ്രങ്ങളിൽനിന്നും പാരമ്പര്യ വിശ്വാസങ്ങളിൽ നിന്നും സ്വാതന്ത്ര്യംനേടി ധീരതയോടെ ജീവിക്കുകയും ചെയ്യുന്ന വ്യക്തിയെ സി.ജെ. മുന്നോട്ടുവെയ്ക്കുന്നു.

3. പുരോഗമനകാംക്ഷിയായ വ്യക്തി

എപ്പോഴും പുരോഗമനപരമായ മാറ്റത്തിനുവേണ്ടി പ്രയത്നിക്കുന്ന വ്യക്തിയെ സി.ജെ. പ്രോത്സാഹിപ്പിച്ചിരുന്നു. പുരാണവസ്തുക്കൾ പ്രായേണ പ്രാകൃതങ്ങളാണ്. തീർച്ചയായും അവ സുന്ദരങ്ങളല്ല എന്ന് പറയുന്ന സി.ജെ പഴമയെയല്ല പുതുമയെയാണ് സ്വാഗതം ചെയ്യുന്നത്. "എന്തിനെയും ചോദ്യംചെയ്യുക, എപ്പോഴും അറിവിനുവേണ്ടി പരിശ്രമിക്കുക, ഇതാണ് യഥാർഥ മാനസിക പുരോഗതിയുടെ അടിസ്ഥാനം" (സി.ജെ.തോമസ് 1953:113) നിലനില്ക്കുന്ന അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഇല്ലാതാക്കി മനുഷ്യർക്ക് മുന്നേറണമെങ്കിൽ ഈ പുരോഗമന ചിന്താഗതി അത്യാവശ്യമാണ്.

നിശ്ചലമായിടത്ത് പുരോഗതി ഉണ്ടാകില്ലെന്നും നിലവിലുള്ളതിനെ വിമർശനവിധേയമാക്കി പുതിയതിനെ സ്വീകരിക്കുമ്പോഴാണ് പുരോഗതി ഉണ്ടാകുന്നതെന്നും അദ്ദേഹം തിരിച്ചറിയുന്നു. "പുരോഗതി ഒരിക്കലും യാഥാസ്ഥിതികത്വത്തിൽനിന്നും വരികയില്ല. വിശ്വാസവിപരീതമാണ് സകല പുരോഗതിയുടേയും അടിസ്ഥാനം. അനുസരണക്കേടാണ് ഏറ്റവുംനല്ല സ്വഭാവം. ഇത് എതിർപ്പിനുവേണ്ടിയുള്ള എതിർപ്പല്ല പുതിയതിന്റെ പേറ്റുനോവാണ്" (സി.ജെ.തോമസ്, 1955:38) . ഗ്രീക്ക് ദുരന്തനാടക സങ്കല്പത്തിന്റെ സ്വാധീനം ഈ ചിന്തകളിൽ കാണാം. ദൈവം മനുഷ്യനെതിരെ നില്ക്കുമ്പോഴും അതിന് പരിഹാരം

തേടി മനുഷ്യർ ദൈവത്തിന്റെ അരികിൽ പോകുന്നില്ല. പ്രതിസന്ധികളെ സ്വയം നേരിടുകയാണ് ചെയ്യുന്നത്. സ്ഥാപനവത്കൃതമായിത്തീരുന്ന കാഴ്ചപ്പാടുകളെ അനുസരണയോടെ പിന്തുടരുന്നതിനുപകരം അതിനെ വിമർശന ബുദ്ധിയോടെ ചോദ്യംചെയ്യാനും തെറ്റിനെതിരെ നിരന്തരമായി കലഹിക്കാനും കഴിയണം. തിരസ്കൃതമാകേണ്ട മിഥ്യാധാരണകളെ ഇല്ലാതാക്കി പുതിയ ആശയങ്ങൾ രൂപംകൊള്ളുന്നതിന് ഈ അനുസരണക്കേട് അത്യാവശ്യമാണ്. നിലവിലുള്ളതിനെ അവിശ്വസിച്ച് ഘടനകൾക്ക് പുറത്ത് കടക്കാൻ കഴിഞ്ഞിട്ടുള്ളവർക്കാണ് ലോകത്തെ പുരോഗതിയിലേക്കു നയിക്കാൻ സാധിച്ചിട്ടുള്ളത്. നിലനില്ക്കുന്ന കാഴ്ചപ്പാടുകളെ ചോദ്യം ചെയ്ത് പുതിയതിനെ സൃഷ്ടിക്കാൻ ഇറങ്ങിത്തിരിച്ചവർക്ക് ചില പ്രതിസന്ധികളെ നേരിടേണ്ടിവരുമെന്നും സി.ജെ. ഓർമ്മപ്പെടുത്തുന്നുണ്ട്. " പുരോഗതിക്കുവേണ്ടി വാദിക്കുന്നവർ എല്ലാക്കാലവും ന്യൂനപക്ഷമായിരിക്കും. അതുകൊണ്ട് തന്നെ യാഥാസ്ഥിതികന്മാർ അവരെ ബഹുജന പിന്തുണയോടുകൂടി ക്രൂശിക്കുകയും ചെയ്യും." ( സി.ജെ. തോമസ്, 1953:97) ഏതുകാലത്തും മാറ്റമില്ലാതെ തുടർന്നുപോരുന്ന ഒരു സമീപനമാണിത്.

ആദർശത്തെ ഉൾക്കൊള്ളുകയാണ് മനുഷ്യപുരോഗതിയുടെ അടിസ്ഥാനമെന്ന് വിശ്വസിക്കുന്ന സി.ജെ.യുടെ ആദർശം മറ്റൊന്നിനെയും ഭയക്കാതെ ലോകത്തെ പുരോഗതിയിലേക്ക് നയിക്കാൻ പ്രാപ്തരായ വ്യക്തികൾ ഉയർന്നുവരണമെന്നാണെന്ന് മനസ്സിലാക്കാം. ലോകത്തെ മനുഷ്യനന്മയ്ക്കുതകുംവിധം മാറ്റാൻ കഴിഞ്ഞിട്ടുള്ളതും ഇത്തരം വ്യക്തികൾക്കു തന്നെയാണെന്ന് ചരിത്രവും സാക്ഷ്യപ്പെടുത്തുന്നു.

### 4. പൗരബോധത്തിൽ വിശ്വസിക്കുന്ന വ്യക്തി

സമൂഹത്തിലേക്കിറങ്ങിച്ചെന്ന് വ്യക്തികളനുഭവിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാനും അത് വെളിച്ചത്തുകൊണ്ടുവരാനും സി.ജെ.ശ്രമിച്ചിട്ടുണ്ട്. കലാകാരന് സാമൂഹ്യപ്രതിബദ്ധത ഉണ്ടെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. "ജനത ഒരു ജീവന്മരണ സമരത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആ സമരത്തെ പ്രതിഫലിപ്പിക്കുന്ന കല മാത്രമേ അവർക്ക് രസിക്കാൻ കഴിയൂ. അത് അവരുടെ അവകാശമാണ്. അവരുടെ ധൈര്യത്തിനു പോഷണംനല്കുന്ന കല സൃഷ്ടിക്കേണ്ടത് കലാകാരന്റെ കർത്തവ്യമാണ്." (സി.ജെ തോമസ്, 1951:62) പിന്നീട് ഈ ചിന്താഗതി സി.ജെ ഉപേക്ഷിക്കുകയും കലാകാരന്റെ സ്വാതന്ത്ര്യത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുകയും ചെയ്യുന്നുണ്ട്.

അദ്ദേഹം സമൂഹത്തിലെ ഇടത്തരക്കാരുടെയും തൊഴിലാളി വർഗ്ഗത്തിന്റെയും സ്ത്രീകളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. "കഴിഞ്ഞുപോയ (പിതാമഹന്മാരുടെ കാലത്തെ) പ്രതാപത്തെപ്പറ്റിയുള്ള നിശ്വാസങ്ങളും വന്നുഭവിച്ചേക്കാമെന്ന് ആശങ്കയോടെ വീക്ഷിക്കുന്ന തൊഴിലാളിത്വത്തോടുള്ള വെറുപ്പും ആണ് ഈ ഇടത്തരക്കാരന്റെ മാനസികനിലവാരം". (സി.ജെ. തോമസ് 1951:15) എന്ന് സി.ജെ. കൃത്യമായി നിരീക്ഷിക്കുന്നുണ്ട്. സമൂഹത്തിലെ മധ്യവർഗ്ഗം എന്നും അനുഭവിച്ചുകൊണ്ടിരിക്കുന്ന മാനസിക സംഘർഷത്തെയാണ് ഇവിടെ തുറന്നു കാണിക്കുന്നത്. നിലവിലുള്ള വ്യവസ്ഥയെ ചോദ്യം ചെയ്യാൻ കഴിയാതെ അതിനുള്ളിൽ അടിച്ചമർത്തപ്പെട്ട് കഴിയേണ്ടി വരുന്ന അവസ്ഥയാണ് മധ്യവർഗ്ഗത്തിനുള്ളത്.

തെറിപറച്ചിലിന്റെ പിന്നിലുള്ള മാനസികാവസ്ഥയെ അപഗ്രഥിക്കുന്ന സി.ജെ. മേലാളവർഗ്ഗത്തിനെതിരെയുള്ള കീഴാളവർഗ്ഗത്തിന്റെ നിസ്സഹായമായ പ്രതികരണമാണ് തെറിയെന്ന് മനസ്സിലാക്കുന്നു. "തെറി അശക്തനായ ഒരു പരാജിതന്റെ ആയുധമാണെന്നാണ്. അടിച്ചോ, വെട്ടിയോ, വിരോധം തീർക്കാനുള്ള കഴിവില്ലാതെയാകുമ്പോഴാണ് സാധാരണ തെറി പറയുന്നത്" (സി.ജെ.തോമസ്, 1953:12). കീഴാളവർഗത്തെ സംബന്ധിച്ചിടത്തോളം, തങ്ങളെ അടിച്ചമർത്തുന്ന സകലവിധ വ്യവസ്ഥകൾക്കുമെതിരായ പ്രതിഷേധമാണ് തെറിപറച്ചിലിലൂടെ സാധ്യമാകുന്നത്. നിലവിലുള്ള സാമൂഹിക-രാഷ്ട്രീയ അധികാര കേന്ദ്രങ്ങൾ സ്ത്രീയെ ചൂഷണം ചെയ്യുന്നതിനെ നിരീക്ഷിക്കുന്ന സി.ജെ. എല്ലാ അടിച്ചമർത്തലുകൾക്കെതിരെയും സ്ത്രീകൾ ഒരുകാലത്ത് ശക്തമായി പ്രതികരിക്കുമെന്ന് ദീർഘവീക്ഷണം ചെയ്യുന്നു. "അവിവാഹിതരും നിരാശരും ആയ ഒരു വലിയ വിഭാഗം സ്ത്രീകൾ അവരുടെ ചിന്താഗതി കൊണ്ടുതന്നെ ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന എല്ലാ മൂല്യങ്ങളെയും മാറ്റിമറിക്കും" (സി.ജെ.തോമസ്, 1953:33) പൊതുരംഗങ്ങളിൽ സ്ത്രീയുടെ സ്വത്വപ്രകാശനം സാധ്യമല്ലാതിരുന്ന കാലഘട്ടത്തിൽ തന്നെ പുരോഗമനാത്മകമായ പ്രതീക്ഷ വെച്ചുപുലർത്താൻ സി.ജെ.യ്ക്ക് കഴിഞ്ഞിരുന്നു.

'ധനശാസ്ത്രം പിന്നെയും' എന്ന ലേഖനത്തിൽ ഭാഷാസ്നേഹിയായ സി.ജെയെ നമുക്ക് കാണാവുന്നതാണ്. മലയാളഭാഷയിൽ ഗ്രന്ഥങ്ങളുണ്ടായിട്ടും അത് പരിഗണിക്കാതെ ഇംഗ്ലീഷ്ഗ്രന്ഥങ്ങൾ വിദ്യാഭ്യാസമാധ്യമത്തിന് ഉപയോഗിക്കുന്നതിനെ സി.ജെ.വിമർശിക്കുന്നു. "ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ ഇക്കാലത്തെങ്കിലും ലണ്ടൻ സ്കൂളിന്റെ തല തിരിഞ്ഞ ധനശാസ്ത്രം പഠിപ്പിക്കുന്നതിനുപകരം ശ്രീ ദാമോദരന്റെ

ഗ്രന്ഥങ്ങൾ സർവ്വകലാശാലകൾ ഉപയോഗിക്കേണ്ടതാണ്.'' (സി.ജെ.തോമസ്, 1955:77)ശാസ്ത്ര, സാമ്പത്തിക, നിയമവിഷയങ്ങളുൾക്കൊള്ളുന്ന ആധികാരികഗ്രന്ഥങ്ങൾ മലയാളഭാഷയിലില്ലെന്നും പറഞ്ഞ് ഇംഗ്ലീഷ്ഗ്രന്ഥങ്ങളെ ആശ്രയിക്കുന്ന ഇക്കാലത്തും പ്രസക്തമായ അഭിപ്രായമാണിത്.

എല്ലാവരും തുല്യരാണ് എന്ന സമത്വമെന്ന ആശയത്തെ സി.ജെ. പുനർവായിക്കുന്നുണ്ട്. ''ഓരോ മനുഷ്യവ്യക്തിയും മറ്റുള്ളവരെപ്പോലെ പരിഗണന അർഹിക്കുന്ന എന്നാണർത്ഥമെങ്കിൽ , ആ ലക്ഷ്യം ആദരണീയമാണ്. എന്നാൽ ഈ അർത്ഥത്തിലല്ല, സമത്വം സാധാരണയായി മനസിലാക്കപ്പെടുന്നത്.'' (സി.ജെ.തോമസ്, 1955:55). എപ്പോഴും പ്രാവർത്തികമാക്കാൻ പറ്റാത്ത ഒരു ആശയമാണ് സമത്വമെന്ന് സി.ജെ. സമർത്ഥിക്കുന്നു. സമത്വത്തിന്റെ പേരും പറഞ്ഞ് എല്ലാവരും അംഗീകൃതമൂല്യങ്ങൾക്കനുസരിച്ച് ജീവിക്കണമെന്ന് ശഠിക്കുന്നതും ശരിയായ പ്രവണതയല്ല.'' പൊതുവാണെന്ന് സങ്കല്പിക്കപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഒരു മാനദണ്ഡമനുസരിച്ച് മനുഷ്യ വ്യക്തികളെ നീട്ടാനും കുറുക്കാനും തുടങ്ങുമ്പോൾ ആരംഭിക്കുന്നത് സമത്വമല്ല, സഹിഷ്ണുതയല്ല, മർദനമാണ്'' (സി.ജെ.തോമസ്, 1955:56). എല്ലാവരും തുല്യരാണെന്ന സമത്വചിന്തയുടെ പേരുംപറഞ്ഞ് സമൂഹം രൂപപ്പെടുത്തിയ പൊതുനിയമാവലികൾക്കനുസരിച്ച് മനുഷ്യരെല്ലാം ഒരുപോലെ ജീവിക്കണമെന്ന് ശഠിക്കുന്നത് അധികാരകേന്ദ്രങ്ങളുടെ സ്വാർത്ഥലാഭത്തിനുവേണ്ടിയുള്ള തന്ത്രം മാത്രമാണ്.

മതത്തിന്റെയും രാഷ്ട്രീയകക്ഷികളുടെയും താല്പര്യത്തിനനുസരിച്ച് ജീവിക്കുന്ന പ്രതികരണശേഷിയില്ലാത്ത പൊതുജനത്തെ സി.ജെ. വിശ്വസിക്കുന്നില്ല. അതേസമയം വ്യക്തികളെ സ്നേഹിക്കുകയും ചെയ്യുന്നു. ''എനിക്കു ബഹുജനത്തെ വലിയ മതിപ്പില്ല. വ്യക്തികളോട് കുറച്ചൊക്കെ സ്നേഹമുണ്ട്'' (സി.ജെ. തോമസ് 1955:70) വ്യക്തിയെ പരിഗണിക്കാതെ സാമൂഹിക ഉന്നമനമെന്ന നാട്യത്തിലൂടെ രൂപംകൊള്ളുന്ന പ്രസ്ഥാനങ്ങളെയൊന്നും നീതീകരിക്കാനാവില്ല. വ്യക്തികൾ കൂടിച്ചേർന്നാണ് സമൂഹമുണ്ടാകുന്നത്. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ നിയമങ്ങളും ചട്ടക്കൂടുകളും ഭരണസംവിധാനങ്ങളുമെല്ലാം വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും സംരക്ഷിക്കുന്നതാകണം . സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉന്നമനത്തിന് മുൻതൂക്കം നല്കുന്നതാകണം . സമൂഹം, രാഷ്ട്രം , മതം തുടങ്ങിയ ചട്ടക്കൂടുകളോരോന്നും വ്യക്തിയിൽ സ്വാധീനം ചെലുത്തുന്ന കാലമെത്രയും ഈ

ആശയം പ്രസക്തമാണ്. സി.ജെ.യുടെ ചിന്തകളിലെ മൗലികതയാണ് ഇവിടെ പ്രതിഫലിക്കപ്പെടുന്നത്. ചുരുക്കത്തിൽ സാമൂഹ്യ, രാഷ്ട്രീയ സാഹചര്യങ്ങളോട് പ്രതികരിക്കുന്ന, പൗരബോധത്തിൽ വിശ്വസിക്കുന്ന വ്യക്തിയെ സി.ജെ. വിഭാവനം ചെയ്യുന്നു.

5. പ്രേമത്തെ ഉത്കൃഷ്ടമായി കരുതുന്ന വ്യക്തി

സി.ജെ. തോമസ് പ്രേമത്തെ ഏറ്റവും അമൂല്യമായി കണ്ടിരുന്നു. "പ്രേമമെന്തെന്നറിയാൻ കഴിയാതെ നൂറാമത്തെ വയസ്സിൽ കോടീശ്വരനായി മരിക്കുന്നതിലും ഭേദം, വൈൽഡിനെപ്പോലെയോ, ഷെല്ലിയെപ്പോലെയോ ഒന്നോ രണ്ടോ അശ്രുസമുദ്രങ്ങൾ താണ്ടി അകാലമരണം വരിക്കുന്നതാണെന്നു മാത്രമാണ്'' എന്ന് ഉറൂബിന്റെ കഥയെപ്പറ്റി പഠിക്കുന്ന 'കുറിഞ്ഞിപൂച്ചയും മറ്റും' എന്ന ലേഖനത്തിൽ സി.ജെ. പറയുന്നുണ്ട്. (സി.ജെ. തോമസ്, 1951:29). വചനം രൂപമായി എന്ന് സ്വന്തം ജീവിതം കൊണ്ട് സി.ജെ. തെളിയിക്കുകയും ചെയ്തു.

കാമത്തിനും ശരീരാസക്തിക്കും അപ്പുറമുള്ള അനുഭൂതിയാണ് സി.ജെ.യെ സംബന്ധിച്ച് പ്രേമം. "വെറും മാംസസംബന്ധിയായ വികാരത്തിൽ ഒതുങ്ങി നിൽക്കാത്ത ഒരു പുതിയ അനുഭൂതിയുണ്ടായി. അതാണ് പ്രേമം.'' (സി.ജെ.തോമസ്, 1953:26) എന്ന് സി.ജെ. പറയുന്നു. "ദീർഘകാലത്തെ മനുഷ്യവർഗ്ഗത്തിന്റെ വളർച്ചയിലെ ഏറ്റവും ഉത്കൃഷ്ടസിദ്ധിയാണ്പ്രേമം. അതിനു നിലനില്ക്കുവാൻ രക്തസാക്ഷികളുടെ അകമ്പടി വേണമെന്നുള്ളിടത്തോളം കാലം മനുഷ്യൻ മനുഷ്യനായിട്ടില്ല.'' (സി.ജെ. തോമസ്, 1953:51). പ്രേമത്തെക്കുറിച്ചുള്ള ഇത്തരം ആശയങ്ങൾ എത്ര ഉച്ചത്തിൽ വേണമെങ്കിലും സി.ജെ. വിളിച്ചുപറയുമായിരുന്നു.

"പ്രേമം എത്രമാത്രം നിഷിദ്ധമാണെന്നു സമുദായം ചില ചിന്തകന്മാരും മുദ്രയടിക്കുന്നോ അത്രയും ഉച്ചത്തിൽ ഞാൻ ഘോഷിക്കും, സ്നേഹമാണഖില സാരമൂഴിയിൽ എന്ന്'' (സി.ജെ. തോമസ്, 1953:116) ആത്മാർത്ഥമായ പ്രേമങ്ങൾ നിലനില്ക്കുന്ന ഇക്കാലത്ത്, പ്രേമമെന്ന നാട്യത്തിലൂടെ ചതിയും വഞ്ചനയും നടത്തുന്ന ഇക്കാലത്ത് ഈ ആശയങ്ങൾ പ്രസക്തമാവുന്നു. സി.ജെ. യുടെ ഈ പ്രേമസങ്കല്പം തന്നെയാണ് ചങ്ങമ്പുഴയെ 'എന്റെ ചങ്ങമ്പുഴ'യെന്ന് വിളിക്കാൻ സി.ജെ. യെ പ്രേരിപ്പിക്കുന്നത്. "അതെ, ചങ്ങമ്പുഴയെ ഞാൻ സ്നേഹിക്കുന്നത് അദ്ദേഹം ഒരു പ്രേമഗായകനായതുകൊണ്ടാണ്. അതെ, അതു പറയാൻ എനിക്ക് നാണമൊന്നുമാകുന്നില്ല. സന്യാസത്തിനുള്ള പ്രായമാകാത്തതുകൊണ്ട് എനിക്കും കുറെയൊക്കെ പ്രേമത്തിന്റെ രോഗമുണ്ട്'' (സി.ജെ. തോമസ്,

1953:115). താൻ പ്രേമിക്കുന്നുവെന്ന് സി.ജെ. പറയുന്നത് അഭിമാനത്തോടെയാണ്.

പ്രേമത്തെ അതിവിശിഷ്ടമായി കാണുന്ന സ്നേഹസമ്പന്നനും വികാരഭരിതനുമായ വ്യക്തിയെ സി.ജെ. അവതരിപ്പിച്ചിട്ടുണ്ട്. സി.ജെ.യുടെ അഭിപ്രായത്തിൽ ആത്മാർത്ഥമായ സ്നേഹത്തിലും നന്മയിലും ഊന്നിയ ദിവ്യമായ അനുഭൂതിയാണ് പ്രേമം. അദ്ദേഹം പ്രേമത്തെ അംഗീകരിക്കുന്നതിലൂടെ വ്യക്തിയുടെ തീരുമാനങ്ങൾക്ക് പ്രാധാന്യം നല്കുന്നു. സ്ത്രീ-പുരുഷന്മാരുടെ പ്രേമത്തെ സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമായാണ് സി.ജെ. കാണുന്നത്. മനുഷ്യർക്കിടയിലുള്ള കപടസ്നേഹത്തിനും അക്രമവാസനക്കും ചൂഷണത്തിനുമെതിരെയുള്ള ഒരു ബദൽ ആശയമായാണ് സി.ജെ. പ്രേമത്തെ കാണുന്നത്.

6. ധിക്കാരിയായ വ്യക്തി

വ്യവസ്ഥാപിതമായ എല്ലാ ചട്ടക്കൂടുകൾക്കും പുറത്തു നില്ക്കാനാഗ്രഹിക്കുന്ന സി.ജെ. മനുഷ്യരിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന എന്തിനേയും ചോദ്യം ചെയ്യുവാനും നിഷേധിക്കുവാനുമുള്ള അസാധാരണമായ ധിക്കാരം പ്രകടിപ്പിച്ചിരുന്നു. താല്പര്യമില്ലാത്ത കാര്യങ്ങൾ മനുഷ്യരിൽ അടിച്ചേല്പിക്കുമ്പോൾ അതിനെതിരെ പ്രതിഷേധങ്ങളുണ്ടാകുമെന്ന് സി.ജെ. പറയുന്നു. "നിർബന്ധിച്ചു നടപ്പിൽ വരുത്തുന്ന സകലതിനേയും എതിർക്കാനുള്ള വാസനയാണ് മനുഷ്യരിൽ വളരുക. സഹകരിക്കാനുള്ള സന്നദ്ധതയല്ല". (സി.ജെ. തോമസ്, 1955:54) നിർബന്ധപൂർവ്വമായ അടിച്ചമർത്തലുകൾക്കെതിരെ ശക്തമായ നിഷേധം മനുഷ്യരിൽ പ്രകടമാണ്.

ഒരു സ്ഥാപനമെന്ന നിലയിൽ മതത്തോടും രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും സി.ജെ നിരന്തരമായി കലഹിച്ചിരുന്നു. "മതവും രാഷ്ട്രീയ ഘടകങ്ങളുമാണ് അസഹിഷ്ണുതയുടെ കുത്തകക്കാർ. അനേകകാലമായി ഇവർ മനുഷ്യനെ വലിച്ചുനീട്ടിയും ചെത്തിച്ചുരുക്കിയും അവരുടെ ഭരണം സാധിച്ചുപോരുന്നുണ്ട്".(സി.ജെ. തോമസ്, 1955:58) എന്ന് സി.ജെ. നിഗമനത്തിലെത്തുന്നു. ഇന്നുവരെ മതവും രാഷ്ട്രീയ വ്യവസ്ഥിതിയും മനുഷ്യരെ കരുവാക്കിക്കൊണ്ടുള്ള നയങ്ങളാണ് രൂപീകരിച്ചിട്ടുള്ളത്.

നമുക്കിടയിലുള്ള മതങ്ങൾ അനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന നയങ്ങളെ സി.ജെ വിമർശിക്കുന്നുണ്ട്. "നിലനില്പ് ലഭിച്ച ഏതു ചിന്താഗതിയും മതമായി തീരും. ഏതു മതവും ജ്ഞാനത്തിനൊരതിരുവെയ്ക്കും. അതിനപ്പുറമുള്ളതിനെയെല്ലാം ആ മതത്തിന്റെ പുരോഹിതന്മാർ ശപിക്കുകയും ചെയ്യും". (സി.ജെ. തോമസ്, 1953:94). എല്ലാ മതങ്ങളും തങ്ങൾ

അനുഷ്ഠിച്ചുപോരുന്ന ചിട്ടകൾക്കപ്പുറമുള്ള ഒന്നിനേയും അംഗീകരിക്കില്ല. എന്നു മാത്രമല്ല അതിനെ സംശയബുദ്ധിയോടെ പരിഹസിക്കുകയും ചെയ്യുന്നുവെന്ന സംഗതിയെ തുറന്നു കാണിക്കാൻ സി.ജെ.ക്ക് കഴിഞ്ഞിട്ടുണ്ട്.

മതത്തിലെയും രാഷ്ട്രീയത്തിലെയും അനുയായികളുടെ ചൂഷണങ്ങൾക്കെതിരെ സി.ജെ. തുറന്നടിക്കുന്നുണ്ട്. “പണ്ട് മതത്തിലെ പുരോഹിതന്മാരെക്കൊണ്ടായിരുന്നു പൊറുതികേട്. ഇപ്പോൾ രാഷ്ട്രീയ പുരോഹിതന്മാരെ കൊണ്ടാണ്. എവിടെയായാലും ഇവർക്ക് അപ്പോസ്തോലിക പിന്തുടർച്ചയും തെറ്റില്ലാവരവും ഉണ്ട്. രണ്ടുകൂട്ടരും കുരിശുയുദ്ധങ്ങൾക്ക് മനുഷ്യരെ കണ്ണടച്ച് ബലി കഴിക്കും. സകലതും കഴിയുമ്പോൾ കണ്ണുനീരോടെ ശവസംസ്കാരപ്രസംഗവും നടത്തും. രണ്ടു കൂട്ടരും ദൈവത്തെ കാണുന്നുണ്ട്. മനുഷ്യനോടാണ് വെറുപ്പ്”. (സി.ജെ. തോമസ്, 1955:36). മനുഷ്യർക്ക് വേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നത് എന്ന കള്ളപ്രചരണം നടത്തി മനുഷ്യരെ ചൂഷണം ചെയ്യുന്ന മതത്തിലേയും രാഷ്ട്രീയത്തിലേയും പുരോഹിതന്മാരുടെ മുഖംമൂടി അഴിച്ചുകളയാൻ സി.ജെക്ക് കഴിയുന്നുണ്ട്.

പുരോഹിതന്മാരുടെയും നേതാക്കളുടേയും സ്വഭാവത്തെയും അദ്ദേഹം പരിഹസിക്കുന്നുണ്ട്. “മനുഷ്യനുവേണ്ട യാതൊരു വേലയും ചെയ്യാതെ സുഖമായി ഭക്ഷണം കഴിക്കുക, പുതിയ സകലതിനേയും എതിർക്കുക, പുതിയതിന് ശക്തി ലഭിക്കുന്ന ഉടനേ പഴയ സകലതിനേയും എതിർക്കുക, അങ്ങനെ എപ്പോഴും ഭൂരിപക്ഷത്തിന്റെ മറപറ്റിനിന്ന് ന്യൂനപക്ഷത്തിനെ പീഡിപ്പിക്കുക” (സി.ജെ. തോമസ്, 1955:36). മതത്തിലെയും രാഷ്ട്രീയത്തിലെയും നേതൃത്വത്തെപ്പറ്റി സി.ജെ. ഇത്തരമൊരു നിരീക്ഷണം അവതരിപ്പിച്ചത് അഴിമതിയും ചതിയും സാർവ്വത്രികമാകാതിരുന്ന കാലത്താണെന്ന വസ്തുത എടുത്തു പറയേണ്ടതുണ്ട്. ഒന്നും തിരിയാത്ത മന്ത്രിമാർ, മടിയന്മാരായ മന്ത്രിമാർ, കള്ളന്മാരായ മന്ത്രിമാർ, എന്നിങ്ങനെയുള്ള മന്ത്രിമാരെ കുറിച്ചുള്ള അഭിപ്രായം അഴിമതിഭരണം ശ്രദ്ധേയമായ ഇക്കാലത്തും പ്രാധാന്യമർഹിക്കുന്നു. രാജ്യത്തിന്റെ വരുമാനത്തിലേറെയും പ്രതിരോധത്തിനായി മാറ്റിവെയ്ക്കുന്ന ഭരണാധികാരത്തിന്റെ നയങ്ങളെയും സി.ജെ വെറുതെ വിടുന്നില്ല. മനുഷ്യർക്ക് യുദ്ധത്തെപ്പറ്റി ഭയമല്ല ലജ്ജയാണു വേണ്ടതെന്ന് പറയുന്ന സി.ജെ. യുദ്ധം എന്ന സങ്കല്പത്തിലുള്ള വൈരുദ്ധ്യത്തെ ചൂണ്ടികാട്ടുന്നു. “നാം തോല്ക്കുന്ന യുദ്ധങ്ങളെല്ലാം അനാശാസ്യമാണ്. അവയ്ക്കെതിരായി സമാധാനപ്രസ്ഥാനം കെട്ടിപ്പടുക്കണം. നാം ജയിക്കുന്ന യുദ്ധങ്ങളാകട്ടെ സദ്കർമ്മങ്ങളാണ്. കൂട്ടക്കൊലയ്ക്ക് പൂശുന്ന ഇത്തരം

നിറപ്പകിട്ടുകളാണ് തുടച്ചുകളയേണ്ടത്''.(സി.ജെ തോമസ് 1955:110). യുദ്ധത്തെ മാന്യമായ ഏർപ്പാടായി കരുതുന്ന ചിന്തകളെയെല്ലാം ഇല്ലാതാക്കാൻ പരിശ്രമിക്കണമെന്നും അദ്ദേഹം പറയുന്നു.

മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഓരോ നയങ്ങളും സംവിധാനങ്ങളും നേതൃത്വങ്ങളും മനുഷ്യരെ എപ്രകാരം ചൂഷണം ചെയ്യുന്നവെന്ന് വസ്തുനിഷ്ഠമായി വിലയിരുത്തുകയും അതിനെതിരെ ശക്തമായി പ്രതിഷേധിക്കുകയുമാണ് തന്റെ ആശയങ്ങളിലൂടെ സി.ജെ നിർവ്വഹിക്കുന്നത്.

തലമുറകളായി നാം പിന്തുടർന്നു പോരുന്ന വ്യവസ്ഥാപിത താല്പര്യങ്ങളെയും ചട്ടക്കൂടുകളേയും യുക്തിബോധത്താൽ നിശിതമായി ചോദ്യംചെയ്യുന്ന, സർവ്വസ്വതന്ത്രനായി ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ധിക്കാരിയായ വ്യക്തിയെയാണ് തന്നെ മാതൃകയാക്കി കൊണ്ട് സി.ജെ മുന്നോട്ട് വെയ്ക്കുന്നത്.

7. സ്വയംപൂർണ്ണ കർതൃത്വത്തിനുടമയായ വ്യക്തി

സി.ജെ തോമസ് എന്നും വ്യക്തിക്ക് പരമപ്രാധാന്യം നല്കിയിരുന്നു. മനുഷ്യരിലുള്ള അടിയുറച്ച വിശ്വാസം സി.ജെ യെ ഒരു വ്യക്തിവാദിയാക്കി. 'ഞാൻ' എന്ന ലേഖനത്തിലാണ് സി.ജെയുടെ വ്യക്തിവാദം ഏറ്റവും ശക്തമായി പ്രതിഫലിപ്പിക്കപ്പെടുന്നത്. ഞാൻ ആണ് സി.ജെ തോമസിന്റെ സ്വാതന്ത്ര്യത്തിന്റെ ചിഹ്നമെന്നു പറയാം. "ഞാനൊരു വ്യക്തിവൈഭവവാദിയാണെന്ന ആരോപണം എന്റെ മുഖത്ത് ആയിരം തവണ വലിച്ചെറിയപ്പെട്ടിട്ടുണ്ട്. സ്നേഹിതാ, ഒന്നു മനസ്സിലാക്കൂ, ആ ആരോപണം എനിക്കൊരു ഖഡ്ഗമല്ല, പൂമാലയാണ്. ഞാൻ വിജയിപ്പൂതാക" (സി.ജെ തോമസ്1953:73) എന്നാണ് സി.ജെ. പ്രഖ്യാപിക്കുന്നത്. സിജെയുടെ ചിന്തകളോരോന്നും ആദ്യന്തം പരമപ്രാധാന്യം നല്കുന്നത് വ്യക്തി എന്ന ഒന്നിനുമാത്രമാണ്.

"എന്നെക്കൂടാതെ ഈ പ്രപഞ്ചം നിലനില്ക്കുമെന്നെനിക്കറിയാം. പക്ഷേ ഞാനില്ലെങ്കിൽ എനിക്ക് ഈ ലോകമില്ല, ഒന്നുമില്ല"(സി.ജെ തോമസ് 1953:64). ഇവിടെ ഞാൻ തന്നെയാണ് പ്രാധാന്യം നേടുന്നത്. എല്ലാവിധ ആശ്രിതത്വങ്ങളെയും നിർവ്വീര്യമാക്കി വ്യക്തിയുടെ സ്വതന്ത്രമായ അസ്തിത്വമാണ് ഇവിടെ സ്ഥാപിക്കപ്പെടുന്നത്.

"ഞാൻ ജനിക്കുന്നതിനു വളരെ മുമ്പുതന്നെ പ്രപഞ്ചം ഉണ്ടായിരുന്നു. ഞാൻ മരിച്ചുകഴിഞ്ഞും അതുണ്ടായിരിക്കും. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം എന്റെ അസ്തിത്വമാണ് ആദ്യത്തെ പടി. പ്രപഞ്ചത്തിന്റെ

അസ്തിത്വത്തെ ഞാൻ അംഗീകരിക്കണമെങ്കിൽ ഞാൻ ഉണ്ടായിരിക്കണം. അതിന് എന്റെ സ്വന്തം അസ്തിത്വത്തെ നിഷേധിച്ചിട്ട് കഴിയുകയില്ലല്ലോ. എന്നെ നിഷേധിച്ചാൽ പ്രപഞ്ചത്തിന് നിലനില്ക്കാനാവില്ല. ഞാനില്ലെങ്കിലും പ്രപഞ്ചമുണ്ട് എന്ന് നിങ്ങളല്ലേ പറയുന്നത്. ഞാനില്ലെങ്കിൽ ആ പ്രസ്താവനയുടെ ചുവട്ടിൽ ഞാനെങ്ങനെ ഒപ്പു വെയ്ക്കും? അതുകൊണ്ട് ഞാനുണ്ട്, പ്രപഞ്ചമുണ്ട്– ഞാൻ കൂടി ഉൾപ്പെട്ട പ്രപഞ്ചം. ഞാൻ പ്രപഞ്ചത്തിന്റെ ഒരു ഭാഗമാണ്. പക്ഷേ, ഘടികാരത്തിന്റെ ഒരു ചക്രം പോലെയല്ല എന്റെ അസ്തിത്വം. എനിക്ക് ബോധമുണ്ട്. ആ ബോധമുള്ള ഓരോ പ്രകൃതിഘടകത്തെയും വ്യക്തിയെന്നു പറയും". (സി.ജെ തോമസ്, 1953:64).

ഇവിടെ വ്യക്തിസ്വാതന്ത്ര്യത്തെയാണ് സി. ജെ ഉയർത്തിപ്പിടിക്കുന്നത്. യാതൊരു കെട്ടുപാടുകളുമില്ലാത്ത വ്യക്തിത്വത്തിനാണ് സി.ജെ വിലകല്പിക്കുന്നത്. വ്യക്തിജീവിതത്തെ സകലരംഗങ്ങളിലും നിയന്ത്രണത്തിലാഴ്ത്തുന്ന അധികാരകേന്ദ്രങ്ങൾക്കിടയിലപ്പെട്ട് ശ്വാസംമുട്ടുന്ന വ്യക്തിയുടെ ഉയിർത്തെഴുന്നേല്പാണിത്.അതേസമയം ഈ വ്യക്തിവാദം സമൂഹത്തിന്റെ പ്രാധാന്യത്തെ തിരസ്കരിക്കുന്നുമില്ല. വ്യക്തികളുടെ കൂട്ടമാണ് സമൂഹമെങ്കിൽ വ്യക്തിയുടെ ഉയർച്ചയും കഴിവും സമൂഹത്തിന് അനിവാര്യമാണ്. വ്യക്തിയുടെ പ്രാധാന്യവും സമൂഹത്തിന്റെ താല്പര്യവും പരസ്പരം യോജിച്ചുപോകുന്ന ഒരു മാനവികതാവാദത്തിനാണ് സി.ജെ. ഊന്നൽ നല്കുന്നത്.

മറ്റെന്തിനെക്കാളും സ്വന്തം അസ്തിത്വത്തെ ഉയർത്തിപ്പിടിക്കുന്ന സ്വന്തം ചിന്തകൾക്കും നിരീക്ഷണങ്ങൾക്കും നിഗമനങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന സ്വയം പൂർണകർതൃത്വത്തിനുടമയായ വ്യക്തിയെയാണ് സി.ജെ. തോമസ് സമുന്നതമായി പരിഗണിക്കുന്നത്.

ഇപ്രകാരം മൂന്നു നിരൂപണഗ്രന്ഥങ്ങളിലൂടെ സി.ജെ അവതരിപ്പിക്കുന്ന ചിന്തകളെയും ആശയങ്ങളെയും അപഗ്രഥിക്കുകയും അപനിർമ്മിക്കുകയും ചെയ്യുന്നതിലൂടെ അദ്ദേഹം മുന്നോട്ടുവെയ്ക്കുന്ന വ്യക്തിസങ്കല്പനത്തിന്റെ സവിശേഷതകൾ കണ്ടെത്താൻ സാധിക്കുന്നു.

ഉപസംഹാരം

മനുഷ്യസത്തയെപ്പറ്റിയുള്ള ബോധ്യങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ സി.ജെ. തോമസിന്റെ രചനാകർതൃത്വത്തിന് വളരെയധികം പ്രസക്തിയുണ്ട്. മനുഷ്യരെ തടവിലാക്കുന്ന സകലവിധ ആശയങ്ങൾക്കും സ്ഥാപനങ്ങൾക്കും മാമൂലുകൾക്കും

വ്യവസ്ഥകൾക്കുമെതിരെ കർക്കശമായ പ്രതിഷേധസ്വരങ്ങൾ ഉയർത്തിയ സി. ജെ.യുടെ ചിന്തകൾ ഏതൊരു തലമുറയ്ക്കും ഉണർവ്വേകാൻ പാകത്തിൽ പുതിയ ദിശാബോധം നല്കാൻ പോരുന്നതാണ്.

യുക്തിപൂർവ്വമായ ചിന്താഗതിയും അന്വേഷണത്വരയും ധിക്കാരവും കൈമുതലായുള്ള സി.ജെ. മനുഷ്യരുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് ബോധവാനായിരുന്നു. മനുഷ്യരെ വസ്തുവത്കരിക്കുന്ന ഒന്നിനോടും സന്ധിചെയ്യാൻ അദ്ദേഹത്തിന് ഒരുകാലത്തും കഴിയുമായിരുന്നില്ല. നിലവിലുള്ള ചട്ടക്കൂടുകളിലൊന്നിലും ഒതുങ്ങിനില്ക്കാതെ സ്വന്തം ഇച്ഛയ്ക്കനുസരിച്ച് ജീവിക്കാനുള്ള അസാമാന്യമായ ധൈര്യം സി.ജെ. പ്രകടിപ്പിച്ചിരുന്നു. ഏതൊരു സംഗതിയേയും ജീവിതത്തോട് ചേർത്തുവെച്ചുകൊണ്ട് പരാമർശിക്കുന്ന സി.ജെ.യുടെ നിരൂപണങ്ങൾ സാഹിത്യനിരൂപണമെന്നതിലുപരി സാംസ്കാരിക നിരൂപണങ്ങൾ തന്നെയാണ്. അതായത് മനുഷ്യരെ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിരീക്ഷണങ്ങളും കാഴ്ചപ്പാടുകളും വിലയിരുത്തലുകളും ഉള്ളടങ്ങുന്ന സി.ജെ.യുടെ നിരൂപണങ്ങൾ ജീവിതനിരൂപണങ്ങളുമാണ്.

സി.ജെ. തോമസിന്റെ കൃതികളിലെ വ്യക്തിസങ്കല്പം: തെരഞ്ഞെടുത്ത കൃതികളെ ആധാരമാക്കിയുള്ള പഠനം എന്ന പ്രബന്ധത്തിലൂടെ കണ്ടെത്തിയ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു:

സി. ജെ. തോമസ് എന്ന എഴുത്തുകാരൻ തന്റെ കൃതികളിലൂടെ സവിശേഷമായ വ്യക്തിത്വനിർമ്മിതി മുന്നോട്ടുവെയ്ക്കുന്നുണ്ട്.

വ്യക്തിത്വം ഒരു നിർമ്മിതിയാണ്. ഓരോ മനുഷ്യനും വളർച്ചയുടെ ഓരോ ഘട്ടത്തിൽ താൻ ഇടപെടുന്ന ചുറ്റുപാടുകളിൽനിന്നും സാമൂഹികവും മതപരവും സാംസ്കാരികവുമായ ബോധങ്ങളിൽ നിന്നും ജീവിതാനുഭവങ്ങളിൽ നിന്നും ആർജിച്ചെടുക്കുന്നതാണ് വ്യക്തിത്വം.

സി. ജെ. തോമസ് മുന്നോട്ടുവെയ്ക്കുന്ന വ്യക്തിസ്വതന്ത്രമായ മനുഷ്യാവസ്ഥയുടെ പ്രതീകമാണ്.

സ്വതന്ത്ര ചിന്താഗതിക്കനുസരിച്ച് ലോകത്തെ വീക്ഷിക്കുകയും അവിടെ കാണുന്ന തെറ്റുകളെ തിരുത്താൻ ശ്രമിക്കുകയും ചെയ്യുന്ന വ്യക്തിയെ സി.ജെ.യുടെ ചിന്താഗതികളിലുടനീളം കാണാം.

സി. ജെ. ഏറ്റവും അധികം വില കല്പിച്ചിരുന്നത് വ്യക്തിസ്വാതന്ത്ര്യത്തിനായിരുന്നു.

മനുഷ്യരുടെ മേൽ നിയമങ്ങളാൽ നിയന്ത്രണമേർപ്പെടുത്തുന്ന അധികാരശക്തികളായ മതത്തിന്റെയും സമൂഹത്തിന്റെയും വ്യവസ്ഥാപിത

നയങ്ങൾ വ്യക്തിസ്വാതന്ത്ര്യത്തിനെതിരാണെന്നാണ് സി. ജെ. യുടെ അഭിപ്രായം.

വിശുദ്ധമെന്നു കരുതി സമൂഹത്തിൽ ബഹുമാനിച്ചു പോരുന്ന സ്ഥാപനവത്കൃതമായിത്തീരുന്ന ആശയങ്ങളിലെ കാപട്യങ്ങളെ അദ്ദേഹം ശക്തമായി വിമർശിക്കുന്നുണ്ട്.

നമ്മുടെ സാമൂഹ്യജീവിതത്തിൽ മേൽക്കൈ നേടിയ ധാരണകളുടെ നാട്യങ്ങളെ അഴിച്ചുമാറ്റി പുനർവിചിന്തനം നടത്താൻ സി. ജെ. യുടെ ചിന്തകൾ വായനക്കാരെ പ്രേരിപ്പിക്കുന്നു.

ഘടനകൾക്കുള്ളിൽ അകപ്പെട്ട് അതിനെ ശാശ്വതമായി നിലനിർത്താൻ ശ്രമിക്കുന്ന ഒരുകൂട്ടം മനുഷ്യരെ സി. ജെ. വെറുത്തിരുന്നു.

മനുഷ്യനന്മയിൽ ശുഭാപ്തി വിശ്വാസം പുലർത്തുന്ന വ്യക്തിയെ സി. ജെ. തോമസ് അവതരിപ്പിക്കുന്നുണ്ട്.

ജാതിയുടെയും മതത്തിന്റെയും വർഗ്ഗത്തിന്റെയും സമ്പത്തിന്റെയും പേരിലുള്ള വിവേചനങ്ങളെ ഇല്ലായ്മ ചെയ്ത് മനുഷ്യർക്കും മനുഷ്യത്വത്തിനും ഊന്നൽ നല്കുന്ന നവോത്ഥാന ചിന്തകൾ സി. ജെ. യുടെ മനുഷ്യദർശനത്തിൽ പ്രകടമാണ്.

മനുഷ്യനന്മയിലും മനുഷ്യരുടെ കഴിവുകളിലും മനുഷ്യരുടെ വൈയക്തികവും സാമൂഹികവുമായ കർത്തവ്യങ്ങളിലും വിശ്വസിക്കുന്ന മാനവികതാവാദത്തിന്റെ സ്വാധീനം സി. ജെ. യുടെ ആശയങ്ങളിലുണ്ട്.

യുക്തിബോധത്തോടെ ചിന്തിക്കുന്ന മനുഷ്യർ തന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് ബോധവാനാണെന്ന് വിശ്വസിക്കുന്ന സി.ജെ. തോമസ്, യാഥാസ്ഥിതികത്വത്തിൽനിന്നും മനുഷ്യരുടെ സാമൂഹികജീവിതത്തെ നിയന്ത്രണത്തിലാക്കുന്ന എല്ലാ അധികാരശക്തികളിൽ നിന്നും സ്വതന്ത്രരായ വ്യക്തിയെ മുന്നോട്ട് വെയ്ക്കുന്നുണ്ട്.

കാലങ്ങളായി നിശ്ചലമായി തുടർന്നുപോരുന്ന എല്ലാ വ്യവസ്ഥകളെയും അഴിച്ചുപണിത് പുരോഗമനപരമായ പരിവർത്തനത്തിനു വേണ്ടി പ്രയത്നിക്കുന്ന വ്യക്തി ഉയർന്നുവരണമെന്ന് സി.ജെ തോമസ് ആഗ്രഹിച്ചിരുന്നു.

സാമൂഹിക സംവിധാനത്തിൽ ഉന്നതസ്ഥാനം കൈവരിച്ചിരിക്കുന്ന സാമൂഹിക സ്ഥാപനങ്ങളുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും നിലപാടുകളെയും സമീപനങ്ങളെയും വിമർശനബുദ്ധിയോടെ നിരീക്ഷിക്കുകയും സാമൂഹ്യ, രാഷ്ട്രീയ സാഹചര്യങ്ങളോട് പ്രതികരിക്കുകയും പൗരബോധത്തിൽ വിശ്വസിക്കുകയും ചെയ്യുന്ന വ്യക്തിയെ സി.ജെയുടെ ആശയങ്ങളിൽ കാണാം.

സ്വന്തം ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കുന്ന സ്വതന്ത്രവ്യക്തികളാണ് മനുഷ്യർ എന്ന് വിശ്വസിക്കുന്ന സി.ജെ. തോമസ് പ്രേമത്തെ ഇത്തരം സ്വതന്ത്ര വ്യക്തിത്വത്തിന്റെ പ്രകടനമാർഗ്ഗങ്ങളിലൊന്നായി കരുതുന്നു.

വ്യവസ്ഥാപിതമായ എല്ലാ ചട്ടക്കൂടുകൾക്കും പുറത്തുനിൽക്കാനാഗ്രഹിക്കുന്ന സി.ജെ. മനുഷ്യരെ നിയമങ്ങളാൽ ബന്ധിച്ചുനിർത്തുന്ന മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും നയങ്ങളെ ചോദ്യം ചെയ്യുവാനും നിഷേധിക്കുവാനുമുള്ള ധിക്കാരം പ്രകടിപ്പിച്ചിരുന്നു.

മതപരവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾക്ക് പണയപ്പെടുത്താത്ത ധൈഷണികവും ധിക്കാരപരവുമായ നിലപാടുകളാണ് സി.ജെ.യെ സാഹിത്യ സാമൂഹ്യ മണ്ഡലങ്ങളിൽ വ്യതിരിക്തനാക്കുന്നത്.

സ്വാതന്ത്ര്യവും ശക്തിയും ആർജ്ജിച്ച് സ്വയം നിർവ്വചിക്കുന്ന സ്വയം പൂർണ്ണ കർതൃത്വത്തിനുടമയായ വ്യക്തിയെ സി.ജെ.തോമസ് മുന്നോട്ട് വെയ്ക്കുന്നു.

വ്യക്തിയെ കേന്ദ്രീകരിക്കുന്ന, വ്യക്തിസ്വാതന്ത്ര്യത്തിന് ഊന്നൽ നല്കുന്ന ജ്ഞാനോദയ ദർശനത്തിന്റെയും അസ്തിത്വവാദത്തിന്റെയും ശക്തമായ സ്വാധീനം സി.ജെയുടെ വ്യക്തിവാദത്തിൽ ദർശിക്കാവുന്നതാണ്.

പൂർണ്ണസ്വതന്ത്രനായ വ്യക്തിക്ക് സി.ജെ. ഉന്നതസ്ഥാനം നല്കിയിരുന്നു. എന്നാൽ പൂർണ്ണസ്വാതന്ത്ര്യം എന്നത് ഒരു സ്വപ്നം മാത്രമാണ്. പലപ്പോഴും മനുഷ്യർ ബാഹ്യമായ നിയന്ത്രണങ്ങളിൽ നിന്ന് സ്വാതന്ത്ര്യം നേടിയാലും സ്വന്തം ചിന്തകൾക്ക് മുന്നിൽ അസ്വതന്ത്രരായിത്തീരാറുണ്ട്.

നിലവിലുള്ള ഘടനകളെ ചോദ്യം ചെയ്യുന്ന, സകലവിധ വ്യവസ്ഥകൾക്കും പുറത്ത് നില്ക്കുന്ന വ്യക്തിയെ സിജെ. സമുന്നതനായി പരിഗണിച്ചിരുന്നു. എന്നാൽ വ്യവസ്ഥകളെ അവഗണിച്ചുകൊണ്ട് വ്യക്തികൾക്ക് ഒറ്റയ്ക്ക് ജീവിക്കാൻ കഴിയില്ലായെന്നതാണ് യാഥാർത്ഥ്യം. വ്യക്തികൾ പരസ്പരം കൂട്ടുത്തരവാദിത്വത്തോടെ ജീവിക്കേണ്ടത് അനിവാര്യമാണ്.

എല്ലാ മനുഷ്യരും ആഗ്രഹിക്കുന്ന ആശയങ്ങളെ സ്ഥാപിച്ചെടുക്കുന്നതിനാണ് സി.ജെ.തോമസ് തന്റെ ചിന്തകളിലൂടെ ശ്രമിക്കുന്നത്. അതു തന്നെയാണ് സി.ജെ.യെ സ്വീകാര്യനാക്കുന്നതും. എല്ലാ മനുഷ്യരും സ്വപ്നം കാണുന്ന ഒരു ലോകത്തിന്റെ സൃഷ്ടിക്കു വേണ്ടിയാണ് സി.ജെ. നിലകൊണ്ടത്. എന്നാൽ പ്രായോഗിക തലത്തിൽ അത് എത്രമാത്രം സാക്ഷാത്കരിക്കപ്പെടുമെന്നത് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

സി.ജെ.യുടെ ചില അഭിപ്രായങ്ങളും ആദർശങ്ങളും ഒരിക്കലും യാഥാർത്ഥ്യമായിത്തീരാൻ സാധ്യതയില്ലാത്ത സങ്കല്പങ്ങൾ മാത്രമായി നിലകൊള്ളുന്നുവെന്ന വസ്തുതയെ പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ഓരോ പുനർവായനയിലൂടെയും സി.ജെ.തോമസ് എന്ന എഴുത്തുകാരൻ എന്താണെന്ന് വീണ്ടും വീണ്ടും കണ്ടെത്തപ്പെടുകയാണ്. മനുഷ്യനന്മയിൽ വിശ്വസിക്കുന്ന വ്യക്തി, സ്വാതന്ത്ര്യദാഹിയായ വ്യക്തി, പുരോഗമനകാംക്ഷിയായ വ്യക്തി, പൗരബോധത്തിൽ വിശ്വസിക്കുന്ന വ്യക്തി, പ്രേമത്തെ ഉൽകൃഷ്ടമായി കരുതുന്ന വ്യക്തി, ധിക്കാരിയായ വ്യക്തി,മതപരമായ ചട്ടക്കൂടിന് പുറത്തുനിൽക്കാനാഗ്രഹിക്കുന്ന വ്യക്തി, രാഷ്ട്രീയ സാഹചര്യങ്ങളെ പുനർവായിക്കുന്ന വ്യക്തി, സ്വയംപൂർണ്ണ കർതൃത്വത്തിനുടമയായ വ്യക്തി എന്നിങ്ങനെ സി.ജെ അവതരിപ്പിക്കുന്ന വ്യക്തിസങ്കല്പനത്തിനു പല അടരുകൾ ഉണ്ട്. ഈ സവിശേഷതകൾ പല വ്യക്തികളിലും കണ്ടേക്കാം. അതേസമയം എല്ലാവരിലും ഈ അംശങ്ങൾ ഉണ്ടെന്ന് ഉറപ്പിച്ചുപറയുവാനും കഴിയില്ല. തന്റെ ആശയങ്ങളിലൂടെ സവിശേഷമായ വ്യക്തിസങ്കല്പനം അവതരിപ്പിക്കുന്ന സി.ജെ. തോമസിന്റെ കൃതികളുടെ വർത്തമാനകാല പ്രസക്തി അത് കാലത്തോടൊപ്പം മുന്നോട്ട് പോകുന്നവയാണ് എന്നതാണ്.

സഹായകഗ്രന്ഥങ്ങൾ

1. തോമസ്, സി.ജെ., 1951.വിലയിരുത്തൽ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. തോമസ്, സി.ജെ. 1953. ഇവൻ എന്റെ പ്രിയപുത്രൻ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം
3. തോമസ്. സി.ജെ. 1955. ധിക്കാരിയുടെ കാതൽ, കറന്റ് ബുക്സ്, തൃശ്ശൂർ.